## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2578 12.02.2019 -ലെ മറുപടിക്ക്**

**<u>വികസനപ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം എത്ര പട്ടികജാതി വിഭാഗക്കാർ പ്രദേശത്ത് അധിവസിക്കുന്നു എന്ന ഫീസിബിലിറ്റിയെ ആധാരമാക്കിയാണ്. ഒരു കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നേരിട്ടുള്ള ഗുണഭോക്തൃ കുടുംബങ്ങളിൽ 51 ശതമാനത്തിലധികം പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവരായിരിക്കണം. ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറാണ് കോളനികളിൽ നേരിട്ട് പരിശോധന നടത്തി എസ്.സി.ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നത്. |
| (ബി) | പട്ടികജാതി കോളനികളിലെ കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കാറുണ്ടോ; | (ബി) | ധനസഹായം അനുവദിക്കാറുണ്ട്. |
| (സി) | എങ്കിൽ ഇത്തരം കോളനികളിൽ വേണ്ട കുടുംബങ്ങളുടെ എണ്ണം എത്രയായിരിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; | (സി) | മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അതിവസിക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി കോളനികളിലെ കുടുംബങ്ങളുടെ എണ്ണത്തെ സംബന്ധിച്ച പഠനം അവസാനമായി എന്നാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | 2009-10 |
| (ഇ) | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറവായതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കാത്ത കോളനികളുടെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | ഇല്ല. പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറവായ കോളനികളുടെ വികസനാവശ്യങ്ങൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി, ജില്ലാതലത്തിൽ പരിഗണിയ്ക്കാവുന്നതാണ് |
| (എഫ്) | ഇതു പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ